

# വി.പി സിംഗ് ഇല്ലാത്ത ഇന്ത്യ

## പിന്നാക്കക്കാരന്റെ മഗ്നാകാർട്ടയും ഇന്ത്യൻ റിയാലിറ്റി ഷോകളും

കവർസ്റ്റോറി

എം.സി.എ നാസർ

"**നിരവധി** മഹാത്മമാർ ഇവിടെ വന്നു പോയി. അയിത്തം ഇല്ലായ്മ ചെയ്ത് അടിച്ചമർത്തപ്പെട്ട ജനതയെ ഉയർത്തിക്കൊണ്ടുവരികയാണ് തങ്ങളുടെ ലക്ഷ്യമെന്ന് അവർ പറഞ്ഞുകൊണ്ടിരുന്നു. പക്ഷേ, അവരൊക്കെയും തങ്ങളുടെ ദൗത്യത്തിൽ പരാജയപ്പെടുകയായിരുന്നു. മഹാത്മമാർ വരികയും പോവുകയും ചെയ്യുന്നു. എന്നിട്ടും തൊട്ടുകൂടാത്തവൻ ഇപ്പോഴും തൊട്ടുകൂടാത്തവനായി തന്നെ തുടരുന്നു"– ഇന്ത്യൻ ദലിത് ദുർവിധിയുടെ സമസ്യകൾ അനാവരണം ചെയ്ത് ഇങ്ങനെ പറയുമ്പോൾ അംബേദ്കർ ഉന്നംവെച്ചത് ഗാന്ധിജിയെ മാത്രമായിരുന്നില്ല, നമ്മുടെ രാഷ്ട്രീയ സമീപനങ്ങളുടെ പതിവു ദൗർബല്യങ്ങളെ കൂടിയായിരുന്നു.

നിസ്വവർഗത്തിന്റെ അവകാശങ്ങൾ ഉയർത്തിപ്പിടിക്കാൻ ഭേദപ്പെട്ട ഒരു ഭരണഘടന രൂപപ്പെടുത്തിയെങ്കിലും അടിച്ചമർത്തപ്പെട്ടവന്റെ കാര്യത്തിൽ എല്ലാവരും പരിഹാസ്യമായ നാടകം കളിക്കുകയാണെന്ന് അംബേദ്കർ തിരിച്ചറിഞ്ഞിരുന്നു. സ്വാതന്ത്ര്യത്തിന്റെ ആറു പതിറ്റാണ്ട് പിന്നിടുമ്പോഴും അടിത്തട്ടിൽ വലിയ മാറ്റങ്ങളില്ല. അകപ്പെട്ട ദൈന്യതയിൽനിന്ന് ദലിത്-പിന്നാക്കക്കാരന്റെ യഥാർഥ മോചനത്തിനു വേണ്ടി ശബ്ദം ഉയർത്താൻ ആരും ഉണ്ടാകില്ലെന്ന ഖേദം അംബേദ്കറിൽ അവസാന കാലത്ത് തികഞ്ഞ നിരാശയായി നിറഞ്ഞിരുന്നു. ജ്യോതിറാവു ഫൂലേ, രാ

**കോൺഗ്രസിന്റെ മതേതര ഇടം തീവ്ര വലതുപക്ഷമായ സംഘ്പരിവാർ കൈയടക്കുമെന്ന് തിരിച്ചറിഞ്ഞ ഏക ഇന്ത്യൻ നേതാവ് എന്ന നിലക്ക് കൂടിയാണ് വി.പി സിംഗ് ചരിത്രത്തിൽ സ്മരിക്കപ്പെടുക. കോൺഗ്രസും ബി.ജെ.പിയും അല്ലാത്ത മറ്റൊരു ബദൽ ഇല്ല എന്ന മധ്യവർഗ ബോധത്തെ സിംഗ് തകിടം മറിച്ചു. സാമൂഹികനീതി അടിസ്ഥാന ലക്ഷ്യമായി കാണുന്ന വിഭാഗങ്ങളും ഇടതുപക്ഷവും ന്യൂനപക്ഷങ്ങളും ഒരുമിക്കുന്ന ഉറച്ച ദേശീയ ബദലായിരുന്നു സിംഗിന്റെ മനസ്സിൽ.**



മസ്വാമി നായ്ക്കർ എന്നിവർ നിരാശക്കൊപ്പം പ്രതീക്ഷകളും പടർത്തി പടിയിറങ്ങുകയായിരുന്നു. പിന്നീട് സാമൂഹികനീതിയുടെ സ്ഫുലിംഗങ്ങൾ ജയപ്രകാശ് നാരായണന്റെ പ്രസ്ഥാനത്തിലാണ് കുറേക്കൂടി സാഫല്യം കണ്ടത്. ആ വികാരം ഉള്ളിൽ ഏറ്റുവാങ്ങി നിസ്വവർഗത്തിനു വേണ്ടി അർപ്പണം ചെയ്യാൻ ഒറ്റപ്പെട്ട നേതാക്കളുണ്ടായി. എന്നാൽ കോൺഗ്രസ് കേന്ദ്രീകൃത ഇന്ത്യൻ രാഷ്ട്രീയത്തിൽ പലർക്കും ഒരു പരിധിക്കപ്പുറം നീങ്ങാൻ കഴിഞ്ഞില്ല. കോൺഗ്രസ് സംസ്കാരത്തിന്റെ ഭാഗമായി നിൽക്കെതന്നെ കീഴാള വർഗത്തോടുള്ള ആഭിമുഖ്യവും സാമൂഹിക സമസ്യകളെ കുറിച്ച ആഴത്തിലുള്ള അറിവും വി.പി സിംഗിനെ വേറിട്ടു നിർത്തിയിരുന്നു. ഉന്നതകുലജാതനായിട്ടും അതിന്റെ പൊങ്ങച്ചവും അഹന്തയും നാട്യവും കൊണ്ടുനടന്നില്ല എന്നതാണ് സിംഗിന്റെ വ്യക്തിത്വത്തിനു മാറ്റുകൂട്ടിയത്. അധികാരത്തിന്റെ ഭാഗമായിരിക്കുമ്പോഴും ആ മനസ് അശാന്തമായിരുന്നു. പലതിനോടും രാജിയാകാൻ കഴിഞ്ഞില്ല. അതുവരെ തുടർന്നുവന്ന ക്രമങ്ങൾ തെറ്റുമെന്നു കണ്ടതോടെ വി.പി സിംഗ് പാർട്ടിക്ക് അനഭിമതനായി. രാജീവ് ഗാന്ധിയുടെ കോൺഗ്രസ് സിംഗിന് പുറത്തേക്കുള്ള വഴിയൊരുക്കി. ഒരു പക്ഷേ, ആ നിഷ്കാസനമാകും ഇന്ത്യൻ രാഷ്ട്രീയ ഭൂമികയെ മാറ്റിമറിച്ച സാഹചര്യങ്ങൾക്ക് ചാലകശക്തിയായത്.

## രാഷ്ട്രീയ സമവാക്യങ്ങൾ മാറുമ്പോൾ

അടിയന്തരാവസ്ഥക്കു ശേഷം തൊണ്ണൂറുകളിലാണ് ഇന്ത്യൻ രാഷ്ട്രീയം അടിസ്ഥാന മാറ്റങ്ങൾക്ക് വിധേയമാകുന്നത്. പുതിയ സാമൂഹിക സമസ്യകൾ ശക്തിപ്രാപിച്ച അതേ സമയം തന്നെ രാഷ്ട്രീയ ധ്രുവീകരണത്തിനും ആക്കം കൂടി. എൺപതുകളുടെ മധ്യം വരെ മുഖ്യധാരാ പാർട്ടിയെന്ന നിലക്ക് കോൺഗ്രസ് യുഗമായിരുന്നു. ഏതാനും മാസങ്ങൾ നീണ്ട ജനതാ പരീക്ഷണം മാത്രമാണ് ഇതിന് അപവാദം. സഹതാപ തരംഗത്തിൽ രാജീവ് ഗാന്ധിയുടെ കോൺഗ്രസ് മൂന്നിലൊന്ന് ഭൂരിപക്ഷത്തിൽ അധികാരമേറിയെങ്കിലും രണ്ടു വർഷം തികയുംമുമ്പ് ഇന്ദിരാപുത്രന്റെ എല്ലാ ക്ലീൻ ഇമേജുകളും പൊലിഞ്ഞു വീഴുന്നത് ഇന്ത്യ കണ്ടു. 'എന്റെ ഹൃദയം ഇന്ത്യക്കു വേണ്ടി തുടിക്കുന്നു' എന്ന മുദ്രാവാക്യമൊ

**ചന്ദ്രശേഖറും ദേവിലാലും മാത്രമല്ല മുലായം സിംഗ് വരെ തങ്ങളുടെ സങ്കുചിത രാഷ്ട്രീയ തുരുത്തുകളിലേക്ക് ഉൾവലിഞ്ഞതാണ് സാമൂഹികനീതിയുടെ സ്വപ്നം നെഞ്ചേറ്റിയ വി.പി സിംഗ് എന്ന മനുഷ്യനെ തളർത്തിയത്. ദലിത്-മുസ്‌ലിം-പിന്നാക്കാദി വിഭാഗങ്ങളുടെ വിശാല കൂട്ടായ്മയുടെ ഏറ്റവും നല്ല സാഹചര്യത്തെയാണ് ഇരകളുടെ പക്ഷത്തു നിൽക്കുമെന്നുറപ്പിച്ച നേതാക്കൾ തന്നെ ഒറ്റുകൊടുത്തത്. വി.പി സിംഗ് എന്ന നേരും നെറിയുമുള്ള നേതാവിനെ സജീവ രാഷ്ട്രീയത്തിൽ നിന്നു തന്നെ വിട്ടുനിൽക്കാൻ പ്രേരിപ്പിച്ചത് കൂടെ നിൽക്കുമെന്നു കരുതിയവരുടെ ഈ കൊലച്ചതിയാണ്.**

ന്നും കോൺഗ്രസിനെ രക്ഷിച്ചില്ല. ബോഫോഴ്സിന്റെ നിഴലിൽ നാണംകെട്ട തിരിച്ചടിയിലേക്ക് രാജീവും പാർട്ടിയും നടന്നടുക്കുകയായിരുന്നു. അപ്പോഴേക്കും ഉത്തരേന്ത്യയിൽ ശിഥിലമാകുന്ന കോൺഗ്രസിന്റെ ഇടം പിടിച്ചെടുക്കാൻ സംഘ്പരിവാർ എല്ലാ ശ്രമങ്ങളും ആരംഭിച്ചുകഴിഞ്ഞിരുന്നു. ഹിന്ദുത്വത്തെ മനസിലുറപ്പിക്കാൻ മധ്യവർഗത്തിന്റെ പുതിയ ടെലിവിഷൻ ആഭിമുഖ്യത്തെ അവർ സമർഥമായി ഉപയോഗിച്ചു. 'രാമായണം', 'മഹാഭാരതം' സീരിയലുകൾ മധ്യവർഗ ഹൈന്ദവ മനസിനെ കൂടുതൽ ഭ്രമിപ്പിക്കുന്ന പ്രതീകങ്ങളെ രംഗത്തിറക്കാൻ സംഘിന് അവസരമൊരുക്കി. കോൺഗ്രസിന്റെ പ്രതാപകാലം കഴിഞ്ഞുവെന്ന വസ്തുത ആ പാർട്ടി നേതാക്കൾക്കല്ലാതെ മറ്റെല്ലാവർക്കും അറിയാമായിരുന്നു.

കോൺഗ്രസിന്റെ മതേതര ഇടം തീവ്ര വലതുപക്ഷമായ സംഘ്പരിവാർ കൈയടക്കുമെന്ന് തിരിച്ചറിഞ്ഞ ഏക ഇന്ത്യൻ നേതാവ് എന്ന നിലക്ക് കൂടിയാണ് വി.പി സിംഗ് ചരിത്രത്തിൽ സ്മരിക്കപ്പെടുക. കോൺഗ്രസും ബി.ജെ.പിയും അല്ലാത്ത മറ്റൊരു ബദൽ ഇല്ല എന്ന മധ്യവർഗ ബോധത്തെ സിംഗ് തകിടം മറിച്ചു. സാമൂഹികനീതി അടിസ്ഥാന ലക്ഷ്യമായി കാണുന്ന വിഭാഗങ്ങളും ഇടതുപക്ഷവും ന്യൂനപക്ഷങ്ങളും ഒരുമിക്കുന്ന ഉറച്ച ദേശീയ ബദലായിരുന്നു സിംഗിന്റെ മനസ്സിൽ. ഭാവി ഇന്ത്യൻ രാഷ്ട്രീയത്തിന്റെ അജണ്ട നിർണയിക്കാനുള്ള കരുത്ത് അതിനു മാത്രമായിരിക്കുമെന്നും സിംഗ് സഹപ്രവർത്തകരെ ബോധ്യപ്പെടുത്തി. അങ്ങനെ മൂന്നാം ബദൽ എന്ന സ്വപ്നത്തിന് ദേശീയതലത്തിൽ പക്വമായ ചാരുത പകരാൻ സിംഗിന് കഴിഞ്ഞു.

അപ്പോഴേക്കും പുതിയ അടിയൊഴുക്കുകളുടെ വെല്ലുവിളി ബി.ജെ.പിക്ക് ബോധ്യപ്പെട്ടിരുന്നു. നേരിട്ടുള്ള അങ്കം ദോഷംചെയ്യുമെന്ന് അവർക്ക് അറിയാമായിരുന്നു. അയോധ്യയിലെ ബാബ്‌രി മസ്ജിദ് എന്ന ഏകബിന്ദുവിലേക്ക് കാര്യങ്ങൾ ചുരുക്കി കെട്ടുകയായിരുന്നു ഇതിന് അവർ കണ്ട പോംവഴി. സാമൂഹിക നീതിയുടെ ഘടകങ്ങളെ ഗളഹസ്തം ചെയ്യാൻ അതിലൂടെ സാധിക്കുമെന്നും അവർ സ്വപ്നം കണ്ടു. മുസ്‌ലിംവിരുദ്ധ പ്രചാരണങ്ങൾക്ക് ആക്കംകൂട്ടാൻ കത്തുന്ന കശ്മീർ പ്രശ്നവും അവർക്ക് സഹായകമായി. ജമ്മു കശ്മീർ ഗവർണറായിരിക്കെ, ജഗ്മോഹൻ കൈക്കൊണ്ട സംഘ് അജണ്ടകൾ കാര്യങ്ങൾ എളുപ്പമാക്കി. സ്വാതന്ത്ര്യത്തിനു ശേഷം ഇന്ത്യ കണ്ട ഏറ്റവും തീവ്രമായ പ്രതിസന്ധിയായിരുന്നു അതെന്ന് ഉറപ്പായും പറയാം.

ഇടതു മതേതര ദലിത് സമൂഹത്തിനൊപ്പം തീവ്ര വലതുപക്ഷമായ ഹിന്ദുത്വശക്തികളെയും നിർത്തിയുള്ള യാത്ര ഒരിക്കലും എളുപ്പമായിരുന്നില്ല. വി.പി സിംഗ് പറഞ്ഞതുപോലെ മുമ്പ് ജയപ്രകാശ് നാരായണൻ നടത്തിയ പരീക്ഷ

ണത്തിന്റെ തുടർച്ചക്കായുള്ള വിഫല ശ്രമത്തിലായിരുന്നു അദ്ദേഹം. പൊതുലക്ഷ്യം മുൻനിർത്തി എല്ലാ രാഷ്ട്രീയ ഘടകങ്ങളെയും ചേർത്തു നിർത്തുക. മുദ്രാവാക്യം നല്ലത്. എന്നാൽ അടിയന്തരാവസ്ഥാനന്തര കാലഘട്ടത്തിലെ ജനസംഘിൽനിന്ന് തൊണ്ണൂറുകളിലെ സംഘ്പരിവാർ വല്ലാതെ മാറിയിരുന്നു എന്ന് തിരിച്ചറിയുന്നതിൽ സിംഗ് പരാജയപ്പെട്ടു. മുസ്‌ലിം ജനവിഭാഗത്തെ കൃത്യമായി ലക്ഷ്യം വെച്ചുകൊണ്ടുള്ള സംഘ് ആസൂത്രണത്തെ നിർധാരണം ചെയ്യുന്നതിൽ സിംഗിന്റെ കവിമനസിനായില്ല. എന്നാൽ പുതിയ പ്രതിസന്ധി നേരിടാൻ സാമൂഹികനീതിയുടെ ചേരുവകളിൽ അടിസ്ഥാന മാറ്റത്തിന് വഴിയൊരുക്കണമെന്ന ബോധ്യം സിംഗിലെ രാഷ്ട്രീയക്കാരൻ തിരിച്ചറിഞ്ഞു. കവിമനസിനു പകരം കഠിനഹൃദയനാകാതെ രക്ഷയില്ലെന്നു വന്നു. അതുകൊണ്ടാണ് സവർണ ഉദ്യോഗസ്ഥവൃന്ദം പോലും കൂടെയില്ലെന്നറിഞ്ഞിട്ടും മണ്ഡൽ കമീഷൻ റിപ്പോർട്ട് നടപ്പാക്കാൻ സിംഗ് ആർജവം കാണിച്ചത്. 1990 ആഗസ്റ്റ് ഏഴിനായിരുന്നു ഇന്ത്യയെ മാറ്റിമറിച്ച ആ തീരുമാനം. സിംഗിന്റെ ഗണിതം ലളിതം. രാജ്യത്ത് ദലിത് പിന്നാക്കാദി വിഭാഗങ്ങൾ 52 ശതമാനം വരും. ന്യൂനപക്ഷ വിഭാഗങ്ങളെ കൂടി ഇതോട് ചേർത്താൽ സാമൂഹിക ഘടകങ്ങളുടെ വിശാല ഐക്യത്തിന് അത് ചാലു കീറുമെന്നുറപ്പായിരുന്നു.

മണ്ഡൽ കമീഷൻ റിപ്പോർട്ട് അംഗീകരിച്ച സിംഗ് മന്ത്രിസഭ പിന്നാക്കാദി വിഭാഗങ്ങൾക്ക് സർക്കാർ ജോലികളിൽ 27 ശതമാനം സംവരണം നൽകാനും തീരുമാനിച്ചു. അതോടെ വലതുപക്ഷ ക്യാമ്പുകളിൽ കൊടുങ്കാറ്റിളകി. മണ്ഡലിനെ നേരിട്ടെതിർക്കാൻ അവർക്ക് മടിയായിരുന്നു. സോമനാഥിൽ നിന്ന് അയോധ്യയിലേക്ക് മാർച്ച് നടത്തി വിശാല ഹിന്ദു ഐക്യത്തിലേക്ക് അജണ്ട ചുരുക്കാനായി ബി.ജെ.പി നീക്കം. സംഘ്പരിവാർ വിളവിറക്കാൻ ശ്രമിച്ച മണ്ണിൽ അതിന്റെ ഒരുപാട് രാഷ്ട്രീയ സാധ്യതകളെയാണ് മണ്ഡൽ റിപ്പോർട്ട് നടപ്പാക്കിയതിലൂടെ വി.പി സിംഗ് സമർഥമായി നഷ്ടപ്പെടുത്തിയത്. പിൽക്കാലത്ത് പ്രമോദ് മഹാജനും മറ്റും ഇതു പരസ്യമായി തന്നെ പറയുകയുണ്ടായി.

### ഒറ്റുകാർ ആരൊക്കെ?

ഇന്ത്യയിൽ ബ്രാഹ്മണാധിപത്യ ഘടന നിലനിർത്തിക്കൊണ്ടുള്ള വിശാല ഹിന്ദു ഐക്യമായിരുന്നു സംഘ് സ്വപ്നം. ഇതേ സമയം രാജീവ് ഗാന്ധിയുടെ നേതൃത്വത്തിലുള്ള കോൺഗ്രസും വി.പി സിംഗ് സർക്കാറിന്റെ അതിവേഗ പതനം കൊതിച്ചു. മണ്ഡലിനെതിരെ ദൽഹി ഉൾപ്പെടെയുള്ള തെരുവുകളിൽ സവർണ യൗവനം തീ കൊളുത്തി നിലവിളിച്ചപ്പോൾ പ്രത്യക്ഷമായി അവർക്ക് എണ്ണ പകരാൻ കോൺഗ്രസും ബി.ജെ.പിയും മാത്രമല്ല മുഖ്യധാരാ മാധ്യമങ്ങളും മത്സരിക്കുന്ന നിർലജ്ജതയാണ് കണ്ടത്. ഇന്ത്യയെ വിഭജിക്കാനുള്ള ആഗോള ഗൂഢാലോചന വരെയായി മണ്ഡൽ റിപ്പോർട്ടിനെ പത്രങ്ങൾ അവതരിപ്പിച്ചു. ഹിന്ദുത്വ ശക്തികൾ അയോധ്യയിലേക്ക് ഭ്രാന്തമായ യാത്ര നടത്തുന്നത് തടഞ്ഞപ്പോൾ തന്നെ തന്റെ സർക്കാറിന്റെ പതനം വി.പി സിംഗ് ഉറപ്പാക്കിയിരുന്നു. ചന്ദ്രശേഖറും ദേവിലാലും മാത്രമല്ല മുലായം സിംഗ് വരെ തങ്ങളുടെ സങ്കുചിത രാഷ്ട്രീയ തുരുത്തുകളിലേക്ക് ഉൾവലിഞ്ഞതാണ് സാമൂഹിക നീതിയുടെ സ്വപ്നം നെഞ്ചേറ്റിയ വി.പി സിംഗ് എന്ന മനുഷ്യനെ തളർത്തിയത്. ദലിത്-മുസ്‌ലിം-പിന്നാക്കാദി വിഭാഗങ്ങളുടെ വിശാല കൂട്ടായ്മയുടെ ഏറ്റവും നല്ല സാഹചര്യത്തെയാണ് ഇരകളുടെ പക്ഷത്തു നിൽക്കുമെന്നുറപ്പിച്ച നേതാക്കൾ തന്നെ ഒറ്റുകൊടുത്തത്. വി.പി സിംഗ് എന്ന നേരും നെറിയുമുള്ള നേതാവിനെ സജീവ രാഷ്ട്രീയത്തിൽ നിന്നു തന്നെ വിട്ടുനിൽക്കാൻ പ്രേരിപ്പിച്ചത് കൂടെ നിൽക്കുമെന്നു കരുതിയവരുടെ ഈ കൊലച്ചതിയാണ്. എഴുത്തിലേക്കും വരയിലേക്കും ഉൾവലിഞ്ഞ് സ്വാസ്ഥ്യം തേടാൻ അദ്ദേഹം നിർബന്ധിതനാവുകയായിരുന്നു. എന്നിട്ടും നിസ്വവർഗത്തെ സിംഗ് ബലികൊടുക്കാൻ കൂട്ടാക്കിയില്ല.

ഇന്ത്യൻ രാഷ്ട്രീയത്തിൽ മണ്ഡൽ സൃഷ്ടിച്ച തരംഗം ചെറുതല്ല. ഉദ്യോഗസ്ഥരും മാധ്യമങ്ങളും നഗരങ്ങളിലെ വരേണ്യ വർഗവും ഒരുപോലെ ഉറഞ്ഞുതുള്ളിയിട്ടും ഉത്തരേന്ത്യൻ സാമൂഹിക മനസ് വി.പി സിംഗിനെ മറന്നില്ല. നിഷേധിക്കപ്പെട്ട നീതിയുടെ ഇരകൾ പുതുതായി തുറന്നുകിട്ടിയ രാഷ്ട്രീയ ഭൂമികയിൽ കടന്നുകയറുന്നതു കാൺകെ മാറിയിരുന്ന് സംതൃപ്തി കൊള്ളുകയായിരുന്നു മാണ്ടയിലെ രാജ.

എന്നും ഒറ്റക്കു നടക്കാനായിരുന്നു വി.പി സിംഗിന്റെ വിധി. ഇന്ത്യൻ രാഷ്ട്രീയത്തിന്റെ ദുർവിധി കൂടിയാണിത്. നന്മയുടെ ഒന്നിനെയും വളരാൻ അനുവദിക്കാത്ത വിധം കലുഷിതവും പ്രാകൃതവുമായ ഒരു മനസ് ഇന്ദ്രപ്രസ്ഥത്തെ വലയം ചെയ്തു നിൽപ്പുണ്ട്. മേത്തരം കൂട്ടിക്കൊടുപ്പുകാർക്കല്ലാതെ ഈ മണ്ണ് ചേരില്ലെന്ന് ദൽഹി പറയാതെതന്നെ പറയുന്നുണ്ട് എല്ലായ്പ്പോഴും. പക്ഷേ, സിംഗിന് അതിലൊന്നും സങ്കടം ഉണ്ടായിരുന്നില്ല. താൻ തുറന്നിട്ട പുതിയ ഭൂമികയുടെ രാഷ്ട്രീയ ലാഭം കൊയ്തെടുക്കാനുള്ള താൽപര്യം ഒട്ടും തന്നെ ഇല്ലായിരുന്നു. പണവും വിധേയത്വവും ചേർന്ന് പരുവപ്പെടുത്തിയ ദൽഹി രാഷ്ട്രീയത്തിന്റെ മലിനമായ ഉള്ളകങ്ങളിൽ തന്നെ പോലെ ഒരാൾക്ക് അധികം നിലനിൽപ്പില്ലെന്ന ബോധ്യവും അദ്ദേഹത്തിനുണ്ടായിരുന്നു. രാഷ്ട്രീയത്തിൽ മന്ത്രിയും മുഖ്യമന്ത്രിയും പ്രധാനമന്ത്രിയും വരെയായി. എന്നിട്ടും അധികാരം സിംഗിനെ ദുഷിപ്പിച്ചില്ല. ആർക്കും എപ്പോൾ വേണമെങ്കിലും കടന്നുവരാൻ കഴിയുമാറ് ആ വസതിയുടെ വാതിലുകൾ തുറന്നു കിടന്നു. ദൽഹി ചേരി നിവാസികളും ഉത്തരേന്ത്യൻ കർഷകരും അണക്കെട്ടിന്റെ പേരിൽ കുടിയൊഴിക്കപ്പെട്ടവരും സിംഗിന്റെ വസതി അഭയ കേന്ദ്രമായി കണ്ടു. പ്രധാനമന്ത്രിപദം നഷ്ടപ്പെട്ട ഉടൻ തനിക്കുള്ള എസ്.പി.ജി സംരക്ഷണം പിൻവലിക്കണമെന്നായിരുന്നു സർക്കാറിനോടുള്ള സിംഗിന്റെ അഭ്യർഥന. സാധാരണ എം.പിമാർ വരെ സുരക്ഷാ ഗാർഡുകളുടെ അകമ്പടിയിൽ ഭ്രമിക്കുന്ന സമയമായിരുന്നു അതെന്നോർക്കണം. അഴിമതി പുരാളത്ത വ്യക്തിത്വം അവസാനം വരെ സിംഗ് കാത്തു സൂക്ഷിച്ചു. 1986ൽ കോൺഗ്രസിൽ നിന്ന് പുറത്താക്കിയ സിംഗിനെതിരെ പലേടത്തും പാർട്ടി പ്രവർത്തകർ ഉറഞ്ഞുതുള്ളി. രാജീവിന്റെ ഉപജാപക വൃന്ദത്തിൽപെട്ട മാധ്യമ പ്രവർത്തകർ കള്ളക്കഥകൾ നെയ്തു. സെന്റ് കിറ്റ്സിൽ സിംഗിന്റെ പേരിൽ ബാങ്ക് അക്കൗണ്ട് ഉണ്ടെന്നു വരെ പ്രചരിപ്പിച്ചു. അധികാര കേന്ദ്രങ്ങളിൽ പതിവുകാരായ ഇടനിലക്കാരെയും വ്യവസായികളെയും അടുപ്പിക്കാതിരുന്നതിനും സിംഗ് ഏറെ പഴികേട്ടു.

മണ്ഡൽ റിപ്പോർട്ടിന്റെ ഊക്കനെടിയെ മറികടക്കാൻ കോൺഗ്രസും ബി.ജെ.പിയും ബദലുകൾ തേടുകയായിരുന്നു അപ്പോൾ. നേരിട്ട് മണ്ഡലിനെ എതിർക്കാർ അവർക്കെല്ലാം പേടിയായിരുന്നു. മണ്ഡലിന്റെ ഗുണഭോക്താക്കളാകാൻ മത്സരിക്കുകയായിരുന്നു അവർ. സാമൂഹികനീതി എന്ന സിംഗിന്റെ മുദ്രാവാക്യം തട്ടിപ്പാണെന്നു വരെ അവർ ആരോപിച്ചു. ഭൂദാൻ പ്രസ്ഥാനത്തിനു വേണ്ടി തന്റെ എസ്റ്റേറ്റ് വിട്ടുകൊടുത്ത മനുഷ്യനു നേരെയായിരുന്നു ഈ കള്ള

ക്കഥകളത്രയും.

## തുടർച്ചകൾ നഷ്ടപ്പെട്ട മണ്ഡൽ തരംഗം

കീഴ്ജാതി വിഭാഗങ്ങൾക്ക് സർക്കാർ ജോലിയിൽ നിശ്ചിത ശതമാനം പങ്കാളിത്തം ഉറപ്പാക്കുക മാത്രമായിരുന്നില്ല മണ്ഡൽ വഴി സിംഗ് ലക്ഷ്യംവെച്ചത്. സാമൂഹികനീതിയുടെ വിശാല പരിപ്രേക്ഷ്യത്തിലേക്ക് എല്ലാ വിഭാഗങ്ങളെയും കൊണ്ടുവരികയെന്ന വലിയൊരു സ്വപ്നം കൂടി അദ്ദേഹത്തിന് ഉണ്ടായിരുന്നു. അംബേദ്കർ ചിന്തകളുടെ പ്രായോഗികതയായിരുന്നു സിംഗ് മനസ്സിൽ കണ്ടത്. ഇടതു നന്മകൾ കൂടി അതോട് ചേർത്തു വെക്കണമെന്നും അദ്ദേഹം കൊതിച്ചു. നിശ്ചയദാർഢ്യവും ആർജവത്വവുമുള്ള ഒരു രാഷ്ട്രീയ നേതൃത്വത്തിനല്ലാതെ മണ്ഡൽ റിപ്പോർട്ട് നടപ്പാക്കാൻ കഴിയുമായിരുന്നില്ല. രക്താർബുദവും കിഡ്നി തകരാറും മൂലം അധികാരമില്ലാത്ത രണ്ടു പതിറ്റാണ്ടുകളാണ് വി.പി സിംഗ് നമുക്കിടയിൽ കഴിച്ചുകൂട്ടിയത്. അപ്പോഴും സാമൂഹിക പ്രവർത്തകർക്കൊപ്പം തന്നെയായിരുന്നു ജീവിതം. വിദർഭയിലെയും നർമദയിലെയും ദൽഹിയിലെയും സാധാരണക്കാരുടെ പ്രശ്നങ്ങൾ സർക്കാർ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രമം തുടർന്നു.

ഇന്ത്യൻ സാമൂഹിക യാഥാർഥ്യങ്ങളുടെ നേർക്കാഴ്ചകളാണ് മണ്ഡൽ റിപ്പോർട്ട് നടപ്പാക്കാൻ തന്നെ പ്രേരിപ്പിച്ചതെന്ന് സിംഗ് തന്നെ പറഞ്ഞിട്ടുണ്ട്. ദലിത്, പിന്നാക്ക, ന്യൂനപക്ഷ ഐക്യമാവും ഭാവി ഇന്ത്യയെ കെട്ടിപ്പടുക്കുകയെന്നും, മണ്ഡൽ റിപ്പോർട്ട് പുതിയ രാഷ്ട്രീയ പ്രക്രിയയുടെ പശ്ചാത്തലം മാത്രമായിരിക്കണമെന്നും സഹപ്രവർത്തകരെ അദ്ദേഹം ധരിപ്പിച്ചു. എന്നാൽ ഈ സ്വപ്നം മുന്നോട്ടു കൊണ്ടുപോകുമെന്നു കരുതിയവർ തന്നെ ആദ്യം പാലം വലിച്ചു. പാസ്വാനും ശരദ് യാദവും ബി.ജെ.പിക്കു വേണ്ടി ദാസ്യവേല ചെയ്തു.

വിശാല അടിത്തറയുള്ള ദലിത് രാഷ്ട്രീയ കക്ഷിക്കു വേണ്ടി മണ്ഡൽ പരിസരത്തെ സമർഥമായി ഉപയോഗിച്ചത് കാൻഷിറാമാണ്. 1976ൽ രൂപംകൊണ്ട ആൾ ഇന്ത്യ ബാക്ക്‌വാഡ് ആന്റ് മൈനോറിറ്റി എംപ്ലോയീസ് ഫെഡറേഷൻ (ബാംസെഫ്) പിന്നീട് 1984ൽ ബഹുജൻ സമാജ് പാർട്ടി (ബി.എസ്.പി) ആയി രൂപാന്തരം പ്രാപിച്ചിരുന്നുവെങ്കിലും വേണ്ടത്ര ഗതിപിടിച്ചിരുന്നില്ല. മണ്ഡൽ റിപ്പോർട്ട് ബി.എസ്.പിക്കു വേണ്ടി ഇറങ്ങിയ സുകൃതമാണെന്ന് കാൻഷി കരുതി. ആയിടെ ദൽഹിയിലെ പാർട്ടി ഓഫീസിൽ അഭിമുഖത്തിനു ചെന്നപ്പോൾ കാൻഷിറാം ഏറെ വാചാലനായി. പോക്കറ്റിൽനിന്ന് പേന എടുത്ത് നേർരേഖയിലും തിരിച്ചും നിർത്തി ഒരു സയൻസ് അധ്യാപകന്റെ കരുതലോടു കൂടിയായിരുന്നു ആ ദലിത് നേതാവ് ഭാവി ഇന്ത്യൻ രാഷ്ട്രീയത്തെ ബി.എസ്.പി സാധ്യതകളുടെ പശ്ചാത്തലത്തിൽ അന്നു വിശദീകരിച്ചത്. പതിറ്റാണ്ടുകളായി ഇന്ത്യൻ സിസ്റ്റം കുത്തനെയാണെന്നും സവർണ വിഭാഗം മുകളിലും ദലിതർ ഏറ്റവും ചുവടെയും നിൽക്കുന്ന ക്രമം നേരെ തലതിരിക്കണമെന്നും കാൻഷി ആവേശം കൊണ്ടു. എന്നാൽ ഉത്തർപ്രദേശിലും മറ്റും അധികാര സാധ്യത മണത്തതോടെ തങ്ങൾ എതിർത്ത സവർണ രാഷ്ട്രീയ ഘടകങ്ങളുമായി ഏതു നിർലജ്ജ ഒത്തുതീർപ്പിനും തയാറാകുന്ന കാൻഷിയെയും മായാവതിയെയുമാണ് പിന്നെ കണ്ടത്. ബ്രാഹ്മണിക്കൽ ഘടന പൊളിക്കാതെ ഇന്ത്യ രക്ഷപ്പെടില്ലെന്നു പറഞ്ഞ ബി.എസ്.പി നേതൃത്വം ആ ഘടനയുടെ സാധ്യതകൾ പങ്കുവെക്കുകയാണ് വേണ്ടതെന്ന പുതിയ സിദ്ധാന്തവും പുറത്തിട്ടു.



**ദേശീയ സമീപനങ്ങളെ, നടപ്പുരീതികളെ മാറ്റിമറിക്കാൻ പോന്ന ദലിത്, പിന്നാക്ക, ന്യൂനപക്ഷ ഐക്യം എന്തു വിലകൊടുത്തും പ്രയോഗവത്കരിക്കുക തന്നെ വേണം. അംബേദ്കറിന്റെ, ജെ.പിയുടെ, വി.പി സിംഗിന്റെ സ്വപ്നം പൂവണിയുന്നത് അത്തരമൊരു സാഹചര്യത്തിൽ മാത്രമായിരിക്കും.**

## നേതാവില്ലാത്ത ഇന്ത്യൻ ദുരന്തം

ദേശീയ തലത്തിൽ സാമൂഹികനീതിക്കായുള്ള ഘടകങ്ങളെ ചേർത്തു നിർത്താൻ വി.പി സിംഗിനെ പോലെ പ്രാപ്തനായ ഒരു നേതാവ് ഇല്ലാതെ പോയി. ഈ അവസരം വാജ്പേയിയെ മുന്നിൽ നിർത്തി സംഘ്പരിവാർ ഉപയോഗിക്കുകയും ചെയ്തിടത്താണ് തൊണ്ണൂറുകളിലെ ഇന്ത്യൻ ദുരന്തം പൂർത്തിയാകുന്നത്. നിസ്വവർഗത്തിന്റെ വോട്ടുകൾ വിഘടിച്ചതോടെ ബി.ജെ.പിക്ക് യാത്ര എളുപ്പമായി. മുലായവും ലാലുവും പാസ്വാനും മായാവതിയും തങ്ങളുടെ ഇത്തിരിപ്പോന്ന തട്ടകങ്ങൾ സംരക്ഷിക്കാൻ ഏതു വിട്ടുവീഴ്ചക്കും തയാറായി. പ്രാദേശിക രാഷ്ട്രീയ ഘടകങ്ങൾ ശക്തിയാർജിച്ചപ്പോൾ തന്നെ ദേശീയ തലത്തിൽ മുഖ്യധാരാ പാർട്ടികളുടെ നിയന്ത്രണം അരക്കിട്ടുറപ്പിക്കുന്ന സാഹചര്യം തന്നെ തുടരുകയായിരുന്നു.

ദലിത്, ആദിവാസി വിഭാഗങ്ങൾക്ക് ഒട്ടും ഗുണകരമല്ലാത്ത നയ സമീപനങ്ങൾ കേന്ദ്രത്തിന് തുടരാൻ കഴിയുന്നതും അതുകൊണ്ടാണ്. മുതലാളിത്ത ശക്തികളുടെ രംഗപ്രവേശവും തീവ്ര വലതു പക്ഷത്തിന്റെ അധികാര സാധ്യതയും പിന്നാക്ക വിഭാഗങ്ങളുടെ ജീവിതം കൂടുതൽ ദയനീയമാക്കുമെന്ന് വി.പി സിംഗ് ആദ്യമേ പേടിച്ചിരുന്നു. അതു തന്നെയാണ് പിന്നീട് സംഭവിച്ചതും. വൻകിട അണക്കെട്ടുകളുടെയും വികസന സംരം

ഭങ്ങളുടെയുമൊക്കെ സ്വാഭാവിക ഇരകളായത് ദലിതനും പിന്നാക്കക്കാരനും ന്യൂനപക്ഷവും തന്നെ. പ്രത്യേക സാമ്പത്തിക സോൺ (സെസ്) എന്ന ആശയത്തെ തന്നെ വി.പി സിംഗ് എതിർത്തിരുന്നു. റിലയൻസിന്റെ ഭൂമി ഏറ്റെടുക്കലിനെതിരെയുള്ള ദാദരി കർഷക പ്രക്ഷോഭത്തെയും അദ്ദേഹം പിന്തുണച്ചു. ദലിത്-പിന്നാക്കാദി വിഭാഗങ്ങളുടെ രാഷ്ട്രീയ നേതൃത്വം വർഗീയ-കാപിറ്റലിസ്റ്റ് അജണ്ടക്കെതിരെ ഒന്നിക്കണമെന്ന് സിംഗ് പല തവണ ഓർമിപ്പിച്ചു. എന്നാൽ ഒറ്റപ്പെട്ട ആ ശബ്ദത്തിന് സാമൂഹികനീതി സ്വപ്നം കണ്ടവരുടെ പോലും പിന്തുണ പലപ്പോഴും ലഭിക്കാതെ പോയി. ബ്രാഹ്മണിക്കൽ കുതന്ത്രങ്ങൾ തന്നെയാണ് ഇന്നും ഇന്ത്യയെ നയിക്കുന്നത്. കീഴ്ജാതി ഘടകങ്ങളുടെ ഉണർവോ അവരുടെ പ്രാതിനിധ്യ സ്വഭാവത്തിൽ വന്ന മാറ്റമോ മാത്രം കൊണ്ടായില്ല. ധാർമിക വ്യക്തിത്വമുള്ള നേതാക്കളും ജനാധിപത്യ സാധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്താനുള്ള കഴിവും പ്രധാനമാണ്. പത്ത് എം.പിമാരുണ്ടെങ്കിൽ അധികാരത്തിന്റെ പങ്ക് ലഭിക്കുമെന്ന വിചിത്രമായ വാദമുഖങ്ങളിലേക്ക് കീഴാളന്റെ രാഷ്ട്രീയ സ്വപ്നം ചുരുങ്ങുകയാണ്. ആണവ കരാർ പ്രശ്നം തന്നെ നോക്കുക. ഇടതുപക്ഷം ഉയർത്തിയ ആശങ്കകളെ പിന്തുണക്കാൻ മുന്നിൽ നിൽക്കുമെന്നു കരുതിയ മുലായം സിംഗിന്റെ പാർട്ടി തന്നെയാണ് കൂട്ടിക്കൊടുപ്പുകാരന്റെ റോളിലേക്ക് തരംതാണത്. സമ്പന്ന വ്യവസായി അമർ സിംഗിന്റെ ഇംഗിതമാണ് പിന്നാക്കക്കാരന്റെ പാർട്ടിക്ക് എന്നും പഥ്യം.

ക്രമം തെറ്റി പിറന്ന വാക്കിനെ കുറിച്ചോർത്ത് വി.പി സിംഗ് തന്റെ ഒരു കവിതയിൽ സങ്കടപ്പെടുന്നുണ്ട്. കാലത്തിനും രാഷ്ട്രീയത്തിനും ദഹിക്കാത്ത മാനസിക വ്യാപാരമുള്ള ആ വ്യക്തിത്വം കടന്നു പോയതും ക്രമം തെറ്റിയ നേരത്തു തന്നെ. മുംബൈ തീവ്രവാദി ആക്രമണം ഒരു കാർണിവൽ ആഘോഷം പോലെ ടെലിവിഷൻ ചാനലുകളിൽ നിറഞ്ഞപ്പോൾ കാലാവസ്ഥാ പ്രവചനത്തിന്റെ പ്രാധാന്യം പോലും സിംഗിന്റെ മരണത്തിന് ലഭിച്ചില്ല. സിംഗിന് മരണാനന്തര വാർത്താ പ്രാധാന്യം പോലും ലഭിക്കരുതെന്ന പിടിവാശി ആർക്കെല്ലാമോ ഉണ്ടെന്നു വരെ തോന്നി. ദൽഹിയിലെ വസതിയിൽനിന്നും വിമാനത്താവളത്തിലേക്കു മൃതദേഹം കൊണ്ടുപോയപ്പോൾ അനുഗമിക്കാൻ ഉണ്ടായിരുന്നത് വളരെ ചുരുക്കം ചിലർ മാത്രം. അംബേദ്കറെ, ഫൂലെയെ, ജെ.പിയെ പ്രസംഗത്തിൽ ഒഴിവാക്കാത്ത പല സാമൂഹികനീതിയുടെ പിന്മുറക്കാരും ഭരണത്തിന്റെ സുഖാലസ്യത്തിലാണിപ്പോൾ. ലാലു, നിധീഷ് കുമാർ, രാം വിലാസ് പാസ്വാൻ, ശരത് യാദവ്, മുലായം സിംഗ്, മായാവതി....

തന്റേതായ തീർപ്പും മനസ്സാക്ഷിയുമാണ് വേറിട്ടു നിൽക്കാൻ വി.പി സിംഗിന് എന്നും തുണയായത്. തന്റെ ഏതൊരു തീരുമാനവും ഇന്ത്യക്കും ദുർബല-പീഡിത വിഭാഗങ്ങൾക്കും ഗുണകരമാകണമെന്ന് സിംഗ് ഉറപ്പിച്ചിരുന്നു. ആ ബോധ്യമാണ് അധികാരത്തിൽനിന്ന് മാറി നിൽക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചതും. സ്വയം വരിച്ച രാഷ്ട്രീയ വനവാസമായിരുന്നു സിംഗിന്റേത്. യാഥാർഥ്യങ്ങളിൽ നിന്നുള്ള ഒളിച്ചോട്ടമായിരുന്നില്ല ഒരിക്കലും അത്.

1996 സെപ്റ്റംബർ ഒമ്പതിന് വി.പി സിംഗ് കുറിച്ചു: "ഇന്ത്യൻ രാഷ്ട്രീയം മാറുകയാണ്. പ്രാദേശിക കക്ഷികളും അടിച്ചമർത്തപ്പെട്ടവരും പുതിയ രാഷ്ട്രീയ ഘടകങ്ങളായി രൂപംകൊള്ളുകയാണ്. തങ്ങളുടെ പരിമിത വട്ടത്തിനപ്പുറം ദേശീയരാഷ്ട്രീയത്തെ പോലും നിർണയിക്കാൻ പ്രാദേശിക കക്ഷികൾക്ക് കഴിയുന്ന സാഹചര്യം വന്നിരിക്കുന്നു. യഥാർഥ ഫെഡറലിസത്തിന്റെ ചൈതന്യവും ഇതാണ്. നാനാത്വത്തിലെ ഏകത അപ്പോൾ മാത്രമേ യാഥാർഥ്യമാകൂ. ഭാവിയിൽ നമ്മുടെ ഫെഡറലിസത്തിന്റെ ഘടനക്ക് കൂടുതൽ ചൈതന്യം ലഭിക്കുമാറ് കീഴ്തട്ടിൽ ചലനങ്ങളുണ്ടാകണം."

ഈ അജണ്ട ആര് ഏറ്റെടുക്കും?

## മണ്ഡൽ റിപ്പോർട്ടും സിംഗിന്റെ മനസും

മണ്ഡൽ കമീഷൻ റിപ്പോർട്ട് നടപ്പാക്കുന്നതിലൂടെ ഇന്ത്യയുടെ ശൈഥില്യത്തിന് ആക്കംകൂടിയെന്നും പല വിദ്യാർഥികളുടെയും മരണത്തിന് വഴിയൊരുക്കിയെന്നും ചൂണ്ടിക്കാട്ടി ഗിരീഷ് എന്ന സവർണ വിദ്യാർഥി എഴുതിയ കത്തിന് വി.പി സിംഗ് നൽകിയ മറുപടി ശ്രദ്ധേയമാണ്:

"മണ്ഡൽവിരുദ്ധ പ്രക്ഷോഭത്തിന്റെ പേരിൽ ചില കുട്ടികൾ മരിച്ചതിൽ ദുഃഖമുണ്ട്. എന്നു കരുതി എന്റെ തീരുമാനത്തിൽ അപാകത സംഭവിച്ചതായി എനിക്ക് തോന്നുന്നില്ല. സമൂഹത്തിൽ ഒരു വിഭാഗം എനിക്കെതിരെ നടത്തുന്ന ആക്രോശത്തിൽ സത്യത്തിൽ എനിക്ക് സന്തോഷമേയുള്ളൂ. ഇപ്പോഴിതാ, എല്ലാവരും മണ്ഡൽ അംഗീകരിച്ചു കഴിഞ്ഞിരിക്കുന്നു. ഉന്നത ന്യായപീഠവും മണ്ഡൽ റിപ്പോർട്ട് നടപ്പാക്കിയ എന്റെ നടപടിയെ ശരിവെച്ചിരിക്കുകയാണ്. ജനതാദൾ ടിക്കറ്റ് ലഭിക്കുമെന്നു കരുതിയാവില്ലല്ലോ സുപ്രീം കോടതി ജഡ്ജിമാർ ആ ഉത്തരവിട്ടത്. സവർണ വിഭാഗത്തിന്റെ എതിർപ്പ് ന്യായം തന്നെ. നമ്മുടെ സാമൂഹിക-രാഷ്ട്രീയ ക്രമത്തിന്റെ അടിസ്ഥാന ഘടനക്കു തന്നെയാണ് മണ്ഡൽ കമീഷൻ റിപ്പോർട്ട് ആഘാതമേൽപ്പിച്ചിരിക്കുന്നത്. ആയിരക്കണക്കിന് വർഷങ്ങളുടെ മാനസിക ഘടനയാണിത്. ഒറ്റ ദിവസം കൊണ്ട് അതു മാറ്റിമറിക്കുക എളുപ്പമല്ല. അവർക്ക് എന്നോട് വെറുപ്പുണ്ടാകും. കാരണം 1989ൽ എനിക്ക് ആ മധ്യവർഗത്തിന്റെ പിന്തുണ ലഭിച്ചിരുന്നു. പ്രകടന പത്രികയിൽ പറഞ്ഞിരുന്നെങ്കിലും എന്റെ കൈകൊണ്ട് മണ്ഡൽ റിപ്പോർട്ട് നടപ്പാക്കുമെന്ന് അവർ പ്രതീക്ഷിച്ചിരിക്കില്ല. മണ്ഡൽ വന്നതോടെ അവർ എന്റെ ശത്രുപക്ഷത്തായി. അവർ വ്യക്തിപരമായി എന്നെ കടന്നാക്രമിക്കുകയാണ്. പക്ഷേ, എനിക്കുറപ്പുണ്ട്, ദലിത്-പിന്നാക്കാദി വിഭാഗങ്ങളിലെ ഭൂരിപക്ഷം വരുന്ന യുവതയോടുള്ള എന്റെ ബാധ്യത ഞാൻ നിറവേറ്റിയെന്ന്."

സിംഗ് ഒരുക്കിയെടുത്ത പുതിയ രാഷ്ട്രീയ സമവാക്യം ഉത്തരേന്ത്യയും കടന്ന് തെന്നിന്ത്യ വരെ ആഴത്തിലുള്ള ചലനമുണ്ടാക്കി. മുദ്രാവാക്യത്തിന്റെ ഗാംഭീര്യം ക്ഷയിച്ചെങ്കിലും ഭൂമിക വികസിപ്പിക്കാനും ഉത്തർപ്രദേശും കടന്ന് അതിനെ ഒഴുകാൻ വിട്ടതും കാൻഷിറാമാണ്. തൊണ്ണൂറുകളിൽ നടന്ന കൂടിക്കാഴ്ചയിൽ കാൻഷി റാം പറഞ്ഞു. "സംവരണത്തിന്റെയും സഹാനുഭൂതിയുടെയും അരികുപറ്റി അധികം ജീവിക്കാൻ കഴിയില്ല. തെരഞ്ഞെടുപ്പിലൂടെ അധികാരം പിടിച്ചെടുക്കുകയാണ് പ്രധാനം. രാഷ്ട്രീയാധികാരം ലഭിക്കുന്നതോടെ തങ്ങളെ സ്വമേധയാ മാറ്റിമറിക്കാൻ ദലിതർക്കു കഴിയും."

ഗാന്ധിയൻ പ്രസ്ഥാനവും കൊളോണിയൽ നിയമങ്ങളും അംബേദ്കറിന്റെ ഇടപെടലുകളും 'സംവരണം' എന്ന ഏകകത്തിൽ പരിമിതപ്പെട്ടതാണ് ദലിതന്റെ ദുർവിധിക്ക് കാരണമെന്നായിരുന്നു അന്ന് കാൻഷിറാമിന്റെ നിഗമനം. സംവരണം ദലിതരുടെ വരേണ്യവർഗത്തിനു മാത്രം ഉപകരിക്കുന്ന ഒന്നാണെന്ന നിരീക്ഷണവും കാൻഷിക്കുണ്ടായിരുന്നു. ഇതിൽ കുറെ ശരികളുണ്ടായിരുന്നു. മേൽതട്ട് നിർണയമെന്ന പാര കൂടി വന്നതോടെ

സംവരണത്തിന്റെ ഗുണഫലം ലഭിക്കുന്നതു പോലും പരിമിതപ്പെടുകയായിരുന്നു. കേസും കൂട്ടവുമായി പല സംസ്ഥാനങ്ങളിലും മേൽതട്ട് വിവാദം തുടരുന്നു.

മറ്റൊരു വസ്തുത കൂടിയുണ്ട്. പൊതുമേഖലാ സ്ഥാപനങ്ങളെയും സർക്കാർ സംവിധാനങ്ങളെയും നോക്കുകുത്തിയാക്കി നിർത്തി സ്വകാര്യ മേഖലയെ വളരാൻ വിടുന്ന സാഹചര്യം ദേശീയതലത്തിലുണ്ട്. സ്വകാര്യ മേഖലയിൽ സംവരണം അനുവദിക്കില്ല എന്ന് കുത്തക മുതലാളിമാർ പറയുന്നു. ഉദാരവത്കരണം വന്നതോടെ വിദേശ മൂലധന നിക്ഷേപ സാധ്യത കൂടി. അവിടങ്ങളിലും കീഴാള വർഗം പേരിനുള്ള പ്രാതിനിധ്യം പോലുമില്ലാതായി. സർക്കാർ ജീവനക്കാരുടെ എണ്ണം കുറക്കാനും പല പദവികളും വേണ്ടെന്നു വെക്കാനുമാണ് സംസ്ഥാന സർക്കാറുകൾ മുതിരുന്നത്. 2002 ജനുവരി 13ന് ഭോപ്പാലിൽ ചേർന്ന ദലിത് മഹാ സമ്മേളനം സ്വകാര്യ മേഖലയിലും സംവരണം വേണമെന്ന ആവശ്യം ഉയർത്തിയിരുന്നു. മുഖ്യധാരാ രാഷ്ട്രീയ കക്ഷികളും കുത്തക മാധ്യമങ്ങളും അതിനെതിരെ രംഗത്തു വന്നു. ദേശീയതയെ അപകടപ്പെടുത്തും എന്നയായിരുന്നു പതിവു പോലെ അവരുയർത്തിയ ആശങ്ക.

സ്വന്തം നിലക്ക് അടിത്തറയുള്ള ദലിത് രാഷ്ട്രീയ കക്ഷിക്ക് രൂപംനൽകാൻ കഴിഞ്ഞുവെന്നത് കാൻഷിയുടെ നേട്ടമാണ്. എന്നാൽ ആഭ്യന്തര വൈരുധ്യങ്ങളുടെ പാർട്ടിയായിരുന്നു എന്നും അത്. നിലപാടുകളിൽ യാതൊരു നൈതികതയും വേണ്ടതില്ലെന്ന് പാർട്ടി തെളിയിച്ചു. ഔദ്ധത്യവും അഴിമതിയും അപക്വമായ സമീപനങ്ങളും പാർട്ടിയെ പിന്തുടരുമ്പോഴും മറ്റൊരു ബദലിന്റെ അസാന്നിധ്യത്തിൽ ഇന്ത്യൻ മണ്ണിൽ ഇന്നും ബി.എസ്.പി സാധ്യതകളെ താഴ്ത്തി കെട്ടേണ്ടതില്ല. അടുത്തിടെ നടന്ന ദൽഹി, രാജസ്ഥാൻ, മധ്യപ്രദേശ് തെരഞ്ഞെടുപ്പുകളിൽ ഒറ്റക്കു നിന്ന് നിർണായക വോട്ടുകൾ സമാഹരിക്കാൻ ആ പാർട്ടിക്ക് കഴിഞ്ഞു. അതു കൊണ്ടുമാത്രമായോ?

ദേശീയ സമീപനങ്ങളെ, നടപ്പുരീതികളെ മാറ്റിമറിക്കാൻ പോന്ന ദലിത്, പിന്നാക്ക, ന്യൂനപക്ഷ ഐക്യം എന്തു വിലകൊടുത്തും പ്രയോഗവത്കരിക്കുക തന്നെ വേണം. അംബേദ്കറിന്റെ, ജെ.പിയുടെ, വി.പി സിംഗിന്റെ സ്വപ്നം പൂവണിയുന്നത് അത്തരമൊരു സാഹചര്യത്തിൽ മാത്രമായിരിക്കും. ■